# Official Spokesperson's response to a media query on status of MV Jag Anand and MV Anastasia

January 01, 2021

______________________________________________________________________________

## എം വി ജഗ് ആനന്ദ്, എം വി അനസ്താസിയ എന്നിവയുടെ സ്ഥിതി സംബന്ധിച്ചുള്ള മാധ്യമ അന്വേഷണങ്ങൾക്ക് ഔദ്യോഗിക വക്താവിന്റെ പ്രതികരണം

ജനുവരി **01, 2021**

**എം വി ജഗ് ആനന്ദ്, എം വി അനസ്താസിയ എന്നിവയുടെ സ്ഥിതി സംബന്ധിച്ചുള്ള മാധ്യമ അന്വേഷണങ്ങൾക്ക് ഔദ്യോഗിക വക്താവ് ശ്രീ അനുരാഗ് ശ്രീവാസ്തവയുടെ പ്രതികരണം ഇപ്രകാരമായിരുന്നു:**

"ഗ്രെയ്റ്റ് ഈസ്റ്റേൺ ഷിപ്പിംഗ് കമ്പനിയുടെ ഇന്ത്യൻ ബൾക് കാർഗോ കപ്പലായ എം വി ജഗ് ആനന്ദ്, 16 ഇന്ത്യക്കാരടങ്ങുന്ന ക്രൂവിനൊടൊപ്പം, 2020 ജൂൺ 23 മുതൽ ഹെബായ് പ്രവിശ്യയിലെ ജിങ്ടാങ് തുറമുഖത്ത് നങ്കൂരമിട്ടിരിക്കുകയാണ്. മറ്റൊരു കപ്പലായ ചൈനയിലെ, 16 ഇന്ത്യക്കാരടങ്ങന്ന ക്രൂവിനൊപ്പം 2020 സെപ്റ്റംബർ 20 മുതൽ, കഫോഡിയൻ തുറമുഖത്ത് നങ്കൂരമിട്ടിരിക്കുകയാണ്.ഈ രണ്ടു കപ്പലുകളും കാർഗോ വിതരണം ചെയ്യുന്നതിനായി കാത്തിരിക്കുകയാണ്. നേരിട്ട നീണ്ട കാലതാമസത്തെ തുടർന്ന് ക്രൂ അംഗങ്ങളിൽ ആശങ്ക വളരുകയാണ്. ഇത് സംബന്ധിച്ച് കൂടാതെ ക്രൂ അംഗങ്ങൾ നേരിടേണ്ടി വരുന്ന ബുദ്ധിമുട്ടേറിയ സാഹചര്യങ്ങൾ കണക്കിലെടുത്ത് , രണ്ടു കേസുകൾ പെട്ടന്ന് തന്നെ ആരോപിച്ചിട്ടുണ്ട്.
മറ്റു രാജ്യങ്ങളിൽ നിന്നുള്ള നിരവധികപ്പലുകളും കാർഗോ വിതരണം ചെയ്യുന്നതിനുള്ള തങ്ങളുടെ ഊഴം കാത്തിരിക്കുന്നുവെന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നത്.

ബെയ്ജിങ്ങിൽ ഉള്ള ഞങ്ങളുടെ എംബസി പല തവണ ഈ കേസുകൾ ക്യാഹൈനെസ് വിദേശകാര്യമന്ത്രാലയത്തിന്റെയും പ്രാദേശികമായ നിയമാധികാരികളുടെയും ശ്രദ്ധയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്, കൂടാതെ കപ്പലുകൾ തുറമുഖത്ത് പ്രവേശിപ്പിക്കുന്നതിനും കൂടാതെ/അല്ലെങ്കിൽ ക്രൂവിനെ മാറ്റുന്നതിനും അപേക്ഷിച്ചിരുന്നു. കഴിഞ്ഞ കുറച്ചു മാസങ്ങളായി അവർ ഈ പ്രശം പിന്തുടരുന്നുണ്ടായിരുന്നു.ഇന്ത്യൻ അംബാസിഡർ വ്യക്തിപരമായി തന്നെ ഈ പ്രശ്നം സഹവിദേശകാര്യമന്ത്രിയോട് അറിയിക്കുകയും ചെയ്തിരുന്നു. മന്ത്രാലയം ചൈനീസ് എംബസിയോടും ഈ പ്രശ്നത്തെ കുറിച്ച് അന്വേഷണം നടത്തി വരുന്നു.

പ്രാദേശിക അതോറിറ്റികൾ ഏർപ്പെടുത്തിയിട്ടുള്ള വിവിധ കോവിഡ്-19 മായി നിയന്ത്രണങ്ങൾ മൂലം ഈ തുറമുഖങ്ങളിൽ ക്രൂവിനെ മാറ്റുന്നത് അനുവദനീയമല്ല. ജിങ്ടാങ് തുറമുഖത്തു നിന്നും ക്രൂ മാറ്റം സാധ്യമല്ലാത്ത സാഹചര്യത്തിൽ,

ടിയാൻജിൻ തുറമുഖത്തു നിന്നും ക്രൂ റൊട്ടേഷൻ അനുവദിക്കുന്നതിന് ഷിപ്പിംഗ് കമ്പനി/ഏജന്റ് 2020 നവംബർ അവസാനത്തിൽ അപേക്ഷ നൽകിയിരുന്നു, ഇതിനുള്ള അപേക്ഷകൾ സ്വീകരിച്ചതിനു ശേഷം പ്രാദേശിക അധികാരികൾ പരിശോധിക്കുന്നതായിരിക്കും. ഇതിനോടനുബന്ധിച്ച ഷിപ്പിംഗ് കമ്പനികളോട് ക്രൂ മാറ്റുന്നത് വേഗത്തിൽ നടപ്പിലാക്കാൻ ആവശ്യപ്പെട്ടിട്ടുമുണ്ട്.

ഷിപ്പിംഗ് കമ്പനികൾ കപ്പലുകളുടെ നിലവിൽ നങ്കൂരമിട്ടിരിക്കുന്ന സ്ഥലത്തു നിന്നും പോകുന്നതിന്റെ ലോജിസ്റ്റിക്സ് പരിശോധിക്കുമ്പോൾ, ക്രൂ മാറ്റത്തിന് സൗകര്യമൊരുക്കുന്നതിനായുള്ള ബാത്തിങ് അംഗീകാരങ്ങൾക്ക്, നമ്മുടെ എംബസി ടിയാൻജിനിലെ പ്രാദേശികമായ ചൈനീസ് അധികാരികളുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കുകയാണ്.

കഫോഡിയനിൽ നിലവിൽ നങ്കൂരമിട്ടിരിക്കുന്ന സ്ഥലത്തു നിന്നും തന്നെ ക്രൂ മാറ്റുന്നതിനുള്ള സാധ്യതകൾ എം വി അനസ്താസിയ അന്വേഷിച്ചുകൊണ്ടിരിക്കുന്നത്. ഈ ബദൽ മാർഗം സൗകര്യപ്പെടുത്തുന്നതിനും ഇതിനു അനുമതി വാങ്ങുന്നതിനുമായി നമ്മുടെ എംബസി എന്നാൽ ചൈനീസ് എംബസിയ്ക്ക് കത്തുകൾ അയച്ചിട്ടുണ്ട്.

ബിയിങ്ങിലുള്ള നമ്മുടെ എംബസി, ബെയ്ജിങ്, ഹെബായ് കൂടാതെ ടിയാൻജിൻ എന്നിവിടങ്ങളിലെ എംബസിയുമായി അടുത്ത ബന്ധം പുലർത്തുന്നുണ്ട്. വേഗത്തിൽ തന്നെ നിർണയങ്ങൾ എടുക്കുന്നതിന് മന്ത്രാലയം ന്യൂ ഡൽഹിയിൽ ഉള്ള ചൈനീസ് എംബസിയുമായും പിന്തുടരുന്നുണ്ട്.

ഈ പ്രശ്നത്തിൽ സഹായം നൽകുന്നതിനുള്ള സന്നദ്ധതയും ഉൾപ്പെടുന്ന ചൈനീസ് വിഭാഗം നടത്തുന്നതായി ഞങ്ങൾ നിരീക്ഷിച്ചിട്ടുണ്ട്. കപ്പലുകൾ സംഭവിക്കുന്ന വലിയ മാനുഷിക പരിഗണന അർഹിക്കുന്ന സാഹചര്യങ്ങൾ കണക്കിലെടുത്ത് വേഗത്തിലുള്ളതും, പ്രായോഗികവും സംയോചിതവുമായ സഹായനാണ് നൽകുന്നതാണെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.
കൂടുതൽ സംഭവ വികാസങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ഞങ്ങൾ നിങ്ങളെ അറിയിക്കുന്നതാണ്."

**ന്യൂ ഡൽഹി**
**01 ജനുവരി, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.